കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ നവീകരണം

318 (658) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചാത്തന്നൂരിൽ പ്രവർത്തിക്കുന്ന കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ നവീകരിക്കുന്നതായി എന്തൊക്കെ നടപടിക്രമങ്ങളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) പ്രസ്തുത മിൽ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെങ്കിൽ എത്ര രൂപയുടെ ബാദ്ധ്യതയുണ്ടെന്നും ആയത് ഏതൊക്കെ സ്ഥാപനങ്ങൾക്കാണെന്നും ഓരോ സ്ഥാപനത്തിനും നൽകുവാനുള്ള തുക എത്രയെന്നും അറിയിക്കുമോ ;

(സി) മിൽ ആധുനിക രീതിയിൽ നവീകരണം നടത്തി ലാഭകരമായി പ്രവർത്തിപ്പിക്കുവാൻ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ നവീകരിക്കുന്നതിനായി 57.39 കോടി രൂപയുടെ പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് സർക്കാർ എൻ.സി.ഡി.സി.ക്ക് സമർപ്പിക്കുകയും ആയതിന് എൻ.സി.ഡി.സി.യുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. 2013 - 14 ബഡ്ജറ്റിൽ മിൽ നവീകരണത്തിനു വേണ്ടി 436 ലക്ഷം രൂപ അനുവദിക്കുകയും കൂടാതെ 2014-15 ബഡ്ജറ്റിൽ മില്ലിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി 211.15 ലക്ഷം രൂപ നൽകുന്നതിനായി ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. എൻ.സി.ഡി.സി അംഗീകാരത്തോടെ പ്രവർത്തിക്കുന്ന നവീകരണ പദ്ധതികൾക്കായി 2014-15 ബഡ്ജറ്റിൽ സർക്കാർ 298 ലക്ഷം രൂപ വകയിരുത്തിയതിൽ കൊല്ലം മില്ലിനായി 99.33 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) മിൽ ഇപ്പോൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. കോട്ടൺ സപ്ലൈയേഴ്സിന് 103.9 ലക്ഷം രൂപയും ഇൻഡോറാമയ്സ് (പോളിസ്റ്റർ) 53.34 ലക്ഷം രൂപയും സ്റ്റാറ്റ്യൂട്ടറി പേയ്മെന്റ്സ് ഇനത്തിൽ 113 ലക്ഷം രൂപയും നൽകാനുണ്ട്.

(സി) മിൽ നവീകരണം 2 കൊല്ലം കൊണ്ട് നടത്തുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. മില്ലിലെ വളരെ പഴക്കംചെന്ന മെഷീനുകൾ മാറ്റി പകരം പുതിയ മെഷീനുകൾ സ്ഥാപിച്ച് മില്ലിന്റെ ഉൽപ്പാദനശേഷി കൂട്ടുന്നതിനും ഗുണമേന്മയുള്ള നൂൽ

LIBRARY ARCHIVES Kerala Legislative Assembly

ഉൽപ്പാദിപ്പിച്ച് മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിപ്പിക്കുന്നതിനായുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇതിന്റെ ആദ്യ ഘട്ടമായി 2013-14 ബഡ്ജറ്റിൽ 436 ലക്ഷം രൂപ നൽകുകയും ചെയ്തിട്ടുണ്ട്. രണ്ടാം ഘട്ടമായി 2014-15 ബഡ്ജറ്റിൽ 211.15 ലക്ഷം രൂപ നൽകുന്നതിനായി ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. എൻ.സി.ഡി.സി അംഗീകാരത്തോടെ പ്രവർത്തിക്കുന്ന നവീകരണ പദ്ധതികൾക്കായി 2014-15 ബഡ്ജറ്റിൽ സർക്കാർ 298 ലക്ഷം രൂപ വകയിരുത്തിയതിൽ കൊല്ലം മില്ലിനായി 99.33 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ മില്ലിന്റെ നവീകരണത്തിനായുള്ള എൻ.സി.ഡി.സി സഹായത്തോടെയുള്ള 57.39 കോടി രൂപയുടെ നവീകരണ പദ്ധതി നടപ്പിലാക്കുന്നതോടെ മിൽ ലാഭകരമായി പ്രവർത്തിപ്പിക്കാൻ സാധിക്കുന്നതാണ്.

ബാലുശ്ശേരി കന്നത്തറ ടെക്സ്റ്റയിൽസ് അടച്ചുപൂട്ടുന്നതിനുള്ള നടപടികൾ

319 (659) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരി നിയോജക മണ്ഡലത്തിലെ കന്നത്തറ ടെക്സ്റ്റയിൽസ് അടച്ചു പൂട്ടുന്നതിനുള്ള നടപടികൾ സ്റ്റേ ചെയ്യുന്നതിനും പുതിയ വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള അനുവാദം ലഭിക്കുന്നതിനും ബഹു. ഹൈക്കോടതിയിൽ സത്യവാങ്മൂലം സമർപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിരുന്നോ ; എങ്കിൽ തുടർന്ന് കൈക്കൊണ്ട നടപടികളുടെ പുരോഗതി അറിയിക്കാമോ ;

(ബി) ഇക്കാര്യത്തിൽ ബഹു.ഹൈക്കോടതിയുടെ അടിയന്തര പരിഗണന ലഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

<u>ഉത്തരം</u>

(എ&ബി) കന്നത്തറ ടെക്സ്റ്റയിൽസ് അടച്ചുപൂട്ടുന്നതിനുള്ള നടപടികൾ സ്റ്റേ ചെയ്യുന്നതിനുവേണ്ടി 2014 മാർച്ച് മാസത്തിൽ ബഹു.ഹൈക്കോടതി മുൻപാകെ സർക്കാർ സത്യവാങ്മൂലം ഫയൽ ചെയ്തിരുന്നു. സർക്കാർ ഫയൽ ചെയ്ത സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ ബഹു.ഹൈക്കോടതി നിയമിച്ച ഒഫിഷ്യൽ ലിക്വിഡേറ്റർ ഫയൽ ചെയ്ത സ്റ്റേറ്റ്മെന്റിന് മറുപടി സത്യവാങ്മൂലം സർക്കാർ ഫയൽ ചെയ്തിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly